എന്നുള്ളനിലയിൽ വായ്പ എഴുതുന്നതാണ്. ഞങ്ങളുടെ സംഘങ്ങൾ എല്ലാം കൂടിശ്ശികയാണ്. 15 ശതമാനത്തിനുമേൽ കൂടിശ്ശിക വന്നാൽ ആ സഹകരണ വേനനിർമ്മാണ സംഘത്തിന് ഞങ്ങൾ വായ്പ പാസ്സാക്കി കൊടുക്കാറില്ല. പുതിയ വായ്പക്കാർക്ക് വരാൻ നിവൃത്തിയില്ല. വീടു വയ്ക്കാൻ പണം കിട്ടുകയില്ല. അവർക്ക് സഹകരണ വേനനിർമ്മാണ സംഘങ്ങളുടെ പ്രവർത്തനം കൊണ്ട് ഗുണം ഉണ്ടാകില്ല. 200 സംഘങ്ങളും ഈ 54 ലക്ഷം രൂപ കിട്ടാതെ വിഷമിക്കുകയാണ്. പലതവണ ഞാൻ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ മുമ്പിൽ നിവേദനം നടത്തിയതാണ്. ഞങ്ങളുടെ സംഘങ്ങളുടെ ഭാരവാഹികൾ വന്ന് നിവേദനം നടത്തിയതാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ജോലിയിൽ വ്യാപൃതനായിരിക്കുകയാണ്. അദ്ദേഹത്തിന്റെയും ബഹുമാനപ്പെട്ട കമലേട്ടത്തിയുടേയും ശ്രദ്ധയ്ക്കുവേണ്ടി ഞാൻ പറയുകയാണ് ഈ 54 ലക്ഷം രൂപ ഞങ്ങൾക്ക് തന്നില്ലെങ്കിൽ നിങ്ങളെ രണ്ടു പേരേയും ഞങ്ങൾ വിടില്ല, ഈ സെക്രട്ടേറിയറ്റിന്റെ പടിക്കൽ ഞങ്ങൾ സത്യാഗ്രഹം ചെയ്യുമെന്ന് ഞാൻ മുന്നറിയിപ്പു നൽകുകയാണ്. .....ബഹളം .....നിങ്ങളുടെ സഹകരണം ഞങ്ങൾക്ക് വളരെയധികം ആവശ്യമാണ്. അതുകൊണ്ട് വേനനിർമ്മാണസംഘങ്ങൾക്ക് പലിശ സബ്സിഡി ഇനത്തിലുള്ള 54 ലക്ഷം രൂപ ഉടനടികൊടുത്ത് ഈ സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ രക്ഷിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അങ്ങേക്ക് അടുത്ത ദിവസം തുടർന്നു സംസാരിക്കാം.

2 1985-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ

ശ്രീ. സി. ടി. കൃഷ്ണൻ: 1985-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബില്ലിന് അവതരണാനുമതി നൽകണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി ശ്രീ. കെ. ശിവദാസൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: ശ്രീ. ഹസ്സൻ പറഞ്ഞതുപോലെ എന്തു കൊള്ളരുതായ്മകളും ചെയ്യുന്ന ഗവൺമെന്റിനെ ഞാൻ പിന്താങ്ങും. ഈ ബില്ലിനെ അവതരണാനുമതി നൽകണമെന്ന് കെഞ്ചാനൊന്നും ഞാൻ തയ്യാറല്ല. കേരളത്തിലെ 23 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിച്ചെങ്കിലും ഈ ബിൽ ചർച്ച ചെയ്യാനും ഇതിലെ ഭേദഗതികൾ പാസാക്കാനും മന്ത്രിക്ക് ധൈര്യമുണ്ടാകണമെന്നുമാത്രമാണ് ഇതേസംബന്ധിച്ച് എനിക്കഭിപ്രായപ്പെടാനുള്ളത്.

1974-ൽ പാസ്സാക്കിയ കർഷകത്തൊഴിലാളി നിയമമാണ്. പതിനൊന്നുകൊല്ലം കഴിഞ്ഞു. കാലോചിതമായ പല മാറ്റങ്ങളും ഭേദഗതികളും ഇതിനാവശ്യമാണ്. ശ്രീ. വക്കം പുരുഷോത്തമൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിലാണ് കേരള കർഷകത്തൊഴിലാളി നിയമം പാസ്സാക്കിയത്. അന്ന് ഇത് മാഗ്നാകാർട്ടയാണെന്നുപറഞ്ഞ് രാജ്യം മുഴുവൻ പ്രചരിപ്പിച്ചു നടന്നതാണ്. കർഷകത്തൊഴിലാളി സംഘടനകളും ഞങ്ങളുമൊക്കെ പറഞ്ഞു ഇതിൽ തൊഴിലാളി ദ്രോഹമുണ്ട്, തൊഴിലാളികളെ ദ്രോഹിക്കുന്ന പല വകുപ്പുകളും ഉണ്ട്. ധാരാളം കൊള്ളരുതായ്മകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് ദോഷം ചെയ്യുന്ന പല വകുപ്പുകളും മാറ്റം വരുത്ത ണമെന്ന് അന്ന് ആവശ്യപ്പെട്ടതാണ്. അതുകൊണ്ടാണ് ഇതിന് മാറ്റം വരുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നതും പ്രത്യേകിച്ച് ഈ ഭേദഗതി യിലൂടെ ഞാൻ ആവശ്യപ്പെടുന്നതും.

ഇതിൽ പ്രധാനമായും പറയാനുള്ളത് തൊഴിലാളികളെ ജോലിക്ക് വയ്ക്കുന്ന കാര്യങ്ങളെ സംബന്ധിച്ചാണ്. ഇതിന്റെ മൂലനിയമത്തിൽ പറയുന്നത് അതായത് മൂന്നാം അദ്ധ്യായത്തിൽ 7-ാം വകുപ്പിൽ പറയുന്നത്.

Where the agricultural workers mentioned in sub-section (1) or sub-section (2) or sub-section (3) are not available or the number of such agricultural workers available is less than the number required by the land owner for the agricultural operation in his land, nothing in those sub-sections shall be deemed to prevent him from employing other agricultural workers എന്നാണ് അതിന്റെ അർത്ഥം. സബ് ക്ലാസ് 1, 2, 3 ഇതിൽ പറയുന്ന തൊഴിലാളികളെ കിട്ടാൻ മാർഗ്ഗമില്ലാതെ വരുമ്പോൾ ഇഷ്ടമുള്ള തൊഴിലാളികളെ ഇഷ്ടമുള്ള സ്ഥലത്തുകൊണ്ടുപോയി ഇഷ്ട മുള്ള കൂലി കൊടുത്ത് ഇഷ്ടംപോലെ പണി എടുപ്പിക്കാം എന്നാണ്. അതുകൊണ്ട് പ്രത്യേകിച്ച് പാലക്കാട് മേഖലയിലൊക്കെയും തമിഴ് നാട്ടിന്റെ അതിർത്തിയിൽ കിടക്കുന്ന ചിറ്റൂർ കൊഴിഞ്ഞാമ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ ഇന്ന് നൂറുകണക്കിന് തൊഴിലാളികളെ കുറഞ്ഞ കൂലിക്ക് കൊണ്ടുവന്ന് പണി എടുപ്പിക്കുകയും സ്ഥിരം തൊഴിലാളികൾക്ക് ജോലി കിട്ടാതിരിക്കുന്ന സ്ഥിതിയും ഉണ്ടാകുന്നുണ്ട്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. ആശ്രിതർക്ക് ജോലി കിട്ടണ മെന്നാണ് എന്റെ ഭേദഗതിയിൽ ആവശ്യപ്പെട്ടിട്ടുള്ളത്. ഈ നാലു വകു പ്പുകളും ഇങ്ങനെ ഭേദഗതി ചെയ്യണം, ഇങ്ങനെ കൂട്ടിച്ചേർക്കണമെന്നാണ് എനിക്കു പറയാനുള്ളത്. "Where the agricultural workers mentioned in sub-section (1) or sub-section (2) or the sub-section (3) are no available or the number of such agricultural workers available is less than the number required by the land owner for the agricultural operations in his land, the land owner shall employ the dependants of such of the agricultural workers who have been working on his land on a permanent basis and if, such dependants are not available for employment or the number of such dependants available for employment is less than the number required, he may employ other agricultural workers. സർ, ഡിപ്പൻഡൻഡ് എന്നു പറയുന്നത് അന്യരെ യൊന്നുമല്ല. ഭാര്യ, മകൻ, അവിവാഹിതയായ മകൾ, മകന്റെ ഭാര്യ, അമ്മ, സഹോദരി, ഇത്തരം ആളുകളെയാണ് സ്ഥിരം ജോലിക്ക് ആവ ശ്യമുള്ള തൊഴിലാളികൾ. ഇത്തരം തൊഴിലാളികളെ കഴിച്ച് കൂടുതൽ തൊഴിലാളികൾ ആവശ്യമായിവരുമ്പോൾ ആശ്രിതർക്കുകൂടി തൊഴിൽ കൊടു ക്കണമെന്നുള്ളതാണ്. ഇന്ന് തോട്ടം തൊഴിലാളി നിയമത്തിലും ഫാക്ടറി തൊഴിലാളി നിയമത്തിലും ഈ വ്യവസ്ഥകളുണ്ട്. ജോലിക്ക് കൂടുതൽ തൊഴിലാളികൾ ആവശ്യമായിവരുമ്പോൾ നിലവിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്ന സ്ഥിരം തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നവരുടെ ആശ്രി തർക്ക് ജോലി കൊടുക്കുകയെന്നുള്ളത് ഇന്ന് പൊതുവെ അംഗീകരിച്ചി ട്ടുള്ള മാനദണ്ഡമാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത് അംഗീ കരിച്ച് ആശ്രിതർക്കുകൂടി ജോലി കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന്. പ്രത്യേകിച്ച് കർഷകത്തൊഴിലാളികളെ സാരമായി ബാധിക്കുന്നതാണിത്. അവർക്ക് ജോലി കിട്ടുന്നില്ല. പത്തിരുപത്

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ തമിഴ് നാട്ടിൽനിന്നും മറ്റും കൊണ്ടുവന്ന് കുറഞ്ഞ കൂലിക്ക് അടിമകളെപ്പോലെ പണി ചെയ്യിപ്പിച്ച് ഭക്ഷണവും കൊടുത്ത് എട്ടുപത്തു ദിവസം പണി ചെയ്യിപ്പിച്ചിട്ട് നക്കാപിച്ചാ വല്ലതുംകൊടുത്ത് അവരുടെ നാട്ടിലേക്ക് അയയ്ക്കുന്ന ഒരു പരിതഃസ്ഥിതി പൊതുവെ ഉണ്ട്. കൃഷി ഉടമകൾക്ക് ആവശ്യമായി വരുന്ന തൊഴിലാളികളിൽ സ്ഥിരമായുള്ള തൊഴിലാളികളെ കഴിച്ച് ബാക്കി ആവശ്യം വരുന്ന തൊഴിലാളികൾ സ്ഥിരം തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി കൊടുക്കണമെന്നുള്ളതാണ് പ്രധാനമായിട്ടുള്ളത്. മറ്റു തൊഴിലിനൊന്നും പോകാതെ ഈ തൊഴിലാളിയെ ആശ്രയിച്ചു കഴിയുന്ന ആളുകൾ ഇല്ലാതെ വരുമ്പോൾ മാത്രം സമീപപ്രദേശങ്ങളിൽനിന്നുള്ള ആളുകളെ ജോലിക്ക് എടുക്കണമെന്നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇത് എതിർക്കേണ്ട കാര്യമൊന്നുമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്ക് അടുത്ത ദിവസം തുടർന്ന് സംസാരിക്കാം.

(4) അനൗദ്യോഗിക പ്രമേയങ്ങൾ

1. മുൻ കേന്ദ്രഗവൺമെൻറ് വാഗ്ദാനം ചെയ്തിരുന്ന കോച്ച് ഫാക്ടറി പഞ്ചാബിലേക്ക് മാറ്റാതെ പാലക്കാട്ടുതന്നെ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. സി. വാസുദേവമേനോൻ : സർ, ഞാൻ താഴെ കാണുന്ന പ്രമേയം അവതരിപ്പിക്കുന്നു. "കേരളത്തിൽ പാലക്കാട്ട് സ്ഥാപിക്കുമെന്ന് മുൻ കേന്ദ്രഗവൺമെൻറ് വാഗ്ദാനം ചെയ്തിരുന്ന കോച്ച് ഫാക്ടറി കേരളത്തിൽനിന്ന് പഞ്ചാബിലേക്ക് മാറ്റാനുള്ള കേന്ദ്രസർക്കാരിൻെറ ഇപ്പോഴത്തെ തീരുമാനത്തിൽ ഈ സഭയ്ക്കുള്ള പ്രതിഷേധം രേഖപ്പെടുത്തുകയും നിർദ്ദിഷ്ട കോച്ച് ഫാക്ടറി കേരളത്തിൽതന്നെ സ്ഥാപിക്കണമെന്ന് കേന്ദ്രഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു" എന്നുള്ളതാണ് പ്രമേയം.

സർ, ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് അടിസ്ഥാനപരമായ ചില കാര്യങ്ങൾ ആദ്യം ചൂണ്ടിക്കാണിക്കാനുണ്ട്. പഞ്ചാബിൽ ഒരു കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് എതിരായതുകൊണ്ടല്ല ഈ പ്രമേയം അവതരിപ്പിക്കുന്നത്. നമ്മുടെ രാജ്യത്ത് ബ്രിട്ടീഷ് ഭരണകാലത്തുതന്നെ മുതലാളിത്ത സമ്പ്രദായത്തിലുള്ള വലിയ വ്യവസായങ്ങൾ ഒരു ഭാഗത്ത് വളരുകയും മറുഭാഗത്ത് അങ്ങേയറ്റം നാടുവാഴി സമ്പ്രദായം നിലനിൽക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും അതിൽനിന്നും വ്യത്യസ്തമല്ല. ഇങ്ങനെ അസുഖകരമായ വ്യവസായ വളർച്ചയാണ് നമ്മുടെ രാജ്യത്തുണ്ടായിട്ടുള്ളത്. ഇതിൻെറ പ്രധാനമായിട്ടുള്ള കാരണം നമ്മുടെ കൃഷിക്കാരെ ചൂഷണം ചെയ്യുക, ഏറ്റവും ചുരുങ്ങിയ വിലയ്ക്ക് അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കുക, ഏറ്റവും കുറഞ്ഞ കൂലിക്ക് ആളുകളെ ലഭിക്കുക ഇതൊക്കെയാണ്. ഇതാണ് ആവശ്യമുള്ളതും. ആ രീതി തന്നെയാണ് മറ്റു വിധത്തിൽ ഇന്നും തുടരുന്നത്.

രാജ്യത്തിൻെറ പല ഭാഗത്തും ഇന്നു കാണുന്ന അസ്വസ്തത ഏറ്റവും ആപൽക്കരമായ രീതിയിലാണ് വളർന്നുവന്നിട്ടുള്ളത്. അതിനു കാരണം ഇന്നത്തെ സ്ഥിതിവിശേഷമാണ്. ഇന്ന് പഞ്ചാബിൽ നടക്കുന്നതായാലും ആസ്സാമിൽ നടക്കുന്നതായാലും മേഘാലയയിൽ നടക്കുന്നതായാലും നാഗാലാൻഡിൽ നടക്കുന്നതായാലും ശരി, ഇടയ്ക്കിടയ്ക്ക് കർണ്ണാടക

LIBRARY ARCHIVES Kerala Legislative Assembly